# പതിമൂന്നാം കേരള നിയമസഭ
## (ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1774 — 17/06/13-ൽ മറുപടിക്ക്

**മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ : | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; | (എ) മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഹഡ്കോയുടെ ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി 150 കോടി രൂപയുടെ പ്രത്യേക ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ ഭാഗമായി 6000 കുടുംബങ്ങൾക്കാണ് ഭവനങ്ങൾ നിർമ്മിച്ചു നൽകുന്നതിന് ഉദ്ദേശിക്കുന്നത്. കൂടാതെ 200 കോടി രൂപയുടെ പൊതു അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് പ്രയോജനപ്പെടുത്തി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു. ഇതിനുപുറമെ സംയോജിത മത്സ്യഗ്രാമ പദ്ധതിയിലുൾപ്പെടുത്തി 45 മത്സ്യഗ്രാമങ്ങളിലായി 90 കോടി രൂപയുടെ പൊതു അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നു.<br>മാതൃകാ മത്സ്യഗ്രാമ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ മത്സ്യഗ്രാമങ്ങളുടെ വികസനത്തിനായി 160 കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പിലാക്കുന്നു. ഇതിൽ 135 കോടി രൂപ ഭവന നിർമമാണത്തിനായാണ് ചെലവഴിക്കുന്നത്. 25 കോടി ചിലവാക്കി സാനിട്ടേഷൻ, കുടിവെള്ളം,വൈദ്യുതി, സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാഭ്യാസ സൗകര്യങ്ങൾ, |

ആരോഗ്യം തുടങ്ങിയ മേഖലകളിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 40 കോടി രൂപ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ നവീകരണത്തിനായി നീക്കിവച്ചിരിക്കുന്നു. ടി പദ്ധതി പ്രകാരം 4973 വീടുകളും 5450 ശൗചാലയങ്ങളും അനുവദിച്ചിട്ടുണ്ട്. ശൗചാലയ നിർമ്മാണത്തിന് യൂണിറ്റൊന്നിന് 20,000 രൂപ നിരക്കിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്.

കൂടാതെ സംയോജിത മത്സ്യഗ്രാമ പദ്ധതി പ്രകാരം 5 കോടി രൂപ മത്സ്യ മേഖലയിലെ കക്കൂസുകളുടെ നിർമ്മാണ ത്തിനും 5 കോടി രൂപ വീടുകളുടെ അറ്റകുറ്റ പ്പണികൾ/നവീകരണത്തിനുമായി 2013-14 സാമ്പത്തിക വർഷത്തിൽ വിനിയോഗിക്കുന്നതാണ്.

ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി വിനിയോഗിച്ചുള്ള യൂണിറ്റൊന്നിന് 2 ലക്ഷം രൂപ നിരക്കിൽ 800 വീടുകൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതാണ്. 2012-13 ലെ 800 വീടുകൾ നിർമ്മിക്കുന്നതിലേയ്ക്കായി 16 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2013-14 ൽ 800 വീടുകൾക്കായി 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്ക് മേൽ നോട്ടം വഹിക്കുന്നതിനും സമ്പത്ത് വിനിയോഗിക്കുന്നതിനുമായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

(ബി) സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, ആർ.ഐ.ഡി.എഫ് പദ്ധതി, ഹഡ്കോ വഴിയുള്ള ഭവന പദ്ധതി മുതലായവയുടെ നിർവഹണത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.